മാധ്യമം

29 December 2016

# കാലാവസ്ഥ വ്യതിയാനം: മത്സ്യസംരക്ഷണ പദ്ധതികൾക്ക് കർമസേന വേണമെന്ന് സി.എം.എഫ്.ആർ.ഐ

● സാർക് അംഗരാജ്യങ്ങളിൽ നടപ്പാക്കേണ്ട 19 ശിപാർശകൾക്ക് യോഗം അംഗീകാരം നൽകി

കൊച്ചി: കാലാവസ്ഥ വ്യതിയാനത്തെത്തുടർന്ന് ഇന്ത്യൻ മത്സ്യമേഖലയിൽ സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ച റിപ്പോർട്ട് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സാർക് സമിതിക്ക് കൈമാറി. മത്സ്യസംരക്ഷണ പദ്ധതികൾക്ക് കർമസേന രൂപവത്കരിക്കണമെന്നതാണ് റിപ്പോർട്ടിലെ പ്രധാന ശിപാർശ. കാലാവസ്ഥാ വ്യതിയാനം സാർക് അംഗ രാജ്യങ്ങളിലെ കാർഷികമേഖലയെ എങ്ങനെ ബാധിച്ചെന്ന് വിലയിരുത്താനും പരിഹാര നടപടികൾ സ്വീകരിക്കാനുമാണ് ധാക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന സാർക് അഗ്രികൾചർ സെൻറർ (സാക്) സി.എം.എഫ്.ആർ.ഐയോട് റിപ്പോർട്ട് തേടിയത്.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വിഡിയോ കോൺഫറൻസിങ്ങിലൂടെയാണ് റിപ്പോർട്ട് അവതരിപ്പിച്ചത്. പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ.പി.യു. സക്കറിയ, സീനിയർ സയൻറിസ്റ്റ് ഡോ. ഗ്രിൻസൻ ജോർജ് എന്നിവരും സന്നിഹിതരായി. കാലാവസ്ഥാ വ്യതിയാനത്തിൻെറ പ്രത്യാഘാതങ്ങൾ കുറക്കാൻ സാർക് അംഗ രാജ്യങ്ങളിൽ നടപ്പാക്കേണ്ട 19 ശിപാർശകൾക്ക് യോഗം അംഗീകാരം നൽകി. കർമസേനക്ക് പുറമെ കടലിൽ കൂടുമത്സ്യകൃഷി വ്യാപിപ്പിക്കാനും തീരമത്സ്യകൃഷി ജനകീയമാക്കുന്നതിന് അതിജീവനശേഷി കൂടിയ മത്സ്യയിനങ്ങളെ കണ്ടെത്താനും ശിപാർശയുണ്ട്.